പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 7 — 7/08/2017 ൽ മറുപടിക്ക്

## സ്വകാര്യ മെഡിക്കൽ കോളേജ് അംഗീകാരത്തിന് കോഴ വാങ്ങിയതായുള്ള ആക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.എൻ.വിജയൻ പിള്ള | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അനധികൃത മാർഗ്ഗത്തിലൂടെ അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര ഭരണകക്ഷിയിലെ പ്രമുഖർ വൻതോതിൽ കോഴ വാങ്ങിയതായുള്ള ആക്ഷേപം സംബന്ധിച്ച് സമഗ്രാന്വേഷണം നടത്താൻ വിജിലൻസിന് നിർദ്ദേശം നൽകുമോ; | (എ) & (ബി) | തിരുവനന്തപുരം ജില്ലയിൽ വർക്കല എസ്.ആർ എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന് അംഗീകാരത്തിനായി ശ്രീ.ആർ.എസ്.വിനോദിനും മറ്റും കൈക്കൂലി നൽകിയതും ഇതുമായി ബന്ധപ്പെട്ട ഹവാല ഇടപാടുകളും സംബന്ധിച്ച വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു. |
| (ബി) | ഈ കോഴയിടപാടിൽ ഹവാല മാർഗം ഉപയോഗിച്ചിട്ടുണ്ടെന്ന് ആ പാർട്ടി തന്നെ വ്യക്തമാക്കിയിട്ടുള്ളതിനാൽ രാജ്യത്തിന്റെ സാമ്പത്തിക അസ്ഥിരത ലക്ഷ്യമാക്കിയുള്ള നടപടിക്ക് യു.എ.പി.എ. നിയമപ്രകാരം കേസെടുത്ത് എൻ.ഐ.എ. ക്ക് കൈമാറാൻ നടപടി സ്വീകരിക്കുമോ? | | |

Rashmi T

സെക്ഷൻ ഓഫീസർ